പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6136

02.04. 2018 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിന് പിരിഞ്ഞ് കിട്ടുവാനുള്ള കുടിശ്ശിക

ചോദ്യം

ശ്രീ.വി.പി.സജീന്ദ്രൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി ചാർജ്ജിനത്തിൽ 2018 ജനുവരി വരെ ബോർഡിന് പിരിഞ്ഞ് കിട്ടുവാനുള്ള കുടിശ്ശിക തുക എത്രയാണ്; | (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 31.12.2017 വരെ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 2441.22 കോടി രൂപയാണ്. |
| (ബി) സംസ്ഥാന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക തുക എത്രയാണ്; | (ബി) 31.12.2017 വരെയുള്ള കണക്ക് അനുസരിച്ച് കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാന സർക്കാർ വകുപ്പുകൾ — 109.09 കോടി രൂപ<br>2. പൊതുമേഖലാ സ്ഥാപനങ്ങൾ — 1424.91 കോടി രൂപ<br>3. സ്വകാര്യമേഖലാ സ്ഥാപനങ്ങൾ — 550.28 കോടി രൂപ |
| സി) ഏറ്റവും കൂടുതൽ കുടി - ശ്ശിക വരുത്തിയിട്ടുള്ളത് ഏത് സ്ഥാപനമാണ്; | (സി) കേരള വാട്ടർ അതോറിറ്റി - 1219.33 കോടി രൂപ. |
| (ഡി) കുടിശ്ശിക കൃത്യമായി പിരിച്ചെടുത്താൽ ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി മറി കടക്കുവാൻ സാധിക്കുമോ? | (ഡി) KSEBL-ന്റെ റവന്യൂവിടവ് കണ്ടെത്തുന്നതിൽ പിരിച്ചെടുക്കാനുള്ള കറണ്ട് ചാർജ്ജ് കുടിശ്ശിക ഉൾപ്പെടുന്നില്ല. അതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിലൂടെ മാത്രം ബോർഡിന് സാമ്പത്തിക ഭദ്രത കൈവരിക്കാൻ കഴിയില്ല. കുടിശ്ശിക പിരിച്ചെടുക്കുകയും വരവും ചെലവും തമ്മിലുള്ള വിടവ് പരിഹരിക്കുന്നതിനുള്ള താരീഫ് ക്രമപ്പെടുത്തൽ, സാമ്പത്തിക കാര്യക്ഷമത കൈവരിക്കൽ അടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുകൊണ്ട് മാത്രമേ ബോർഡിന്റെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ